പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3649 11.11.2019- ൽ മറുപടിക്ക്

## റീ ബിൽഡ് കേരള പദ്ധതിയിൽ ജർമ്മൻ സഹകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി:** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യ മന്ത്രി)** |
| (എ) ജർമ്മൻ സർക്കാരുമായി സഹകരിച്ച് റീ ബിൽഡ് കേരള പദ്ധതിയിലൂടെ സംസ്ഥാനത്തെ റോഡുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നവീകരണമാണ് സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) & (ബി) ഉണ്ട്. 2018-ലെ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽ നിന്നും M/s L&T Infrastructure Engineering Ltd. മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏകദേശം 819 കി.മീ. വരുന്ന റോഡുകൾക്കാണ് ജർമ്മൻ ബാങ്ക് ഫണ്ട് ലഭ്യമാക്കുന്നത്. ആയത് പ്രകാരം ആദ്യഘട്ടമായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മുൻഗണനാക്രമത്തിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം (2019-20) 300 കോടി രൂപ ലോകബാങ്കിൽനിന്നും ലഭ്യമാകുന്ന വികസനനയവായ്പയിൽനിന്നും അനുവദിക്കുന്നതിന് 13-08-2019-ലെ സ.ഉ.(കൈ) നം. 25/2019/ആ.സാ.വ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. ഒന്നാംഘട്ടമായി 666. കി.മീ. റോഡിന്റെ പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ പുനർനിർമ്മാണ ത്തിനാവശ്യമായ തുക കൃത്യമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ